# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 10/1022/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 24/12/2024
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി 10/1022/2024

തീയ്യതി: 24/12/2024

## കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.മണിലാൽ.വി | ഡെപ്യൂട്ടി ഡയറക്ടർ | 26-11-2024 | 30-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-11-2024 | 30-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഗോപാലകൃഷ്ണ നായിക് പി,ഓഡിറ്റ് ഓഫീസർ
ശ്രീ.വിനോദ് കുമാർ സി, ഓഡിറ്റ് ഓഫീസർ
ശ്രീ.രഘുനാഥൻ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽ കുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സുധീഷ് എൻ കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ധന്യ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ബിന്ദു.വി.വി, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.കെ.ബാവ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.വത്സൻ.എം | സെക്രട്ടറി | 01-04-2023 | 28-10-2023 |
| ശ്രീ.അരവിന്ദൻ പി | സെക്രട്ടറി | 29-10-2023 | 06-11-2023 |
| | | 10-11-2023 | 31-03-2024 |
| ശ്രീ.രാജേന്ദ്രൻ പി കെ | സെക്രട്ടറി | 07-11-2023 | 09-11-2023 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.രജീഷ് കുമാർ.സി | അസിസ്റ്റന്റ് എഞ്ചിനിയർ LID& |
| ശ്രീമതി.റജീന.എ | കൃഷി ഓഫീസർ |

| | |
|---|---|
| ശ്രീമതി.ലൈല.എം | ഐ.സി.ഡി.എസ്.സൂപ്പർവൈ |
| ശ്രീമതി.രജിഷ കൃഷ്ണൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ (തൃക്കരിപ്പൂർ സർക്കിൾ) |
| ശ്രീ.പ്രസൂൺ.എസ്.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ (കൊയേങ്കര സർക്കിൾ) |
| ശ്രീമതി ഗൗരി കെ വി | പ്രധാനധ്യാപിക |
| ഡോ.പി.പ്രശാന്ത് | വെറ്റിനറി സർജ്ജൻ |
| ഡോ.സാഹിദ് ബിൻ ഉസ്മാൻ | മെഡിക്കൽ ഓഫീസർ അലോപ്പതി |
| ഡോ.ഷാജു.ആർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| ഡോ.നാദിറ.എ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| ഡോ.സുജയ നായർ | മെഡിക്കൽ ഓഫീസർ ഹോമിയോ |
| ശ്രീമതി.രമ്യ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| ശ്രീ.വേണുഗോപാൽ.പി.കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| ശ്രീമതി ഐശ്വര്യ എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |
| ശ്രീമതി.കോമളവല്ലി.കെ.വി | അസിസ്റ്റന്റ് സെക്രട്ടറി |
| ശ്രീ.അജയൻ പി | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) |
| ശ്രീ.അരവിന്ദൻ കെ | അസിസ്റ്റന്റ് സെക്രട്ടറി |

**ഉള്ളടക്കം**

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച വാർഷിക കണക്കുകളിന്മേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല | 1-1-2 |
| 4 | വർഷങ്ങളായി ആവർത്തിച്ച് വരുന്ന അപാകതകൾ. | 1-1-3 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-4 |
| 6 | ഇലക്ഷൻ ഡെപ്പോസിറ്റ് -₹66,500/- മുതൽകൂട്ടിയില്ല. | 1-1-5 |
| 7 | പൈക്ക ഫണ്ട് ഇനത്തിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ തുക വർഷങ്ങളായി നിലനിൽക്കുന്നു. | 1-1-7 |
| 9 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപത്തിന്റെ നീക്കിയിരിപ്പിലെ അപാകത | 1-1-8 |
| 10 | ഗുണഭോക്തൃവിഹിതം - നേരിട്ട് ചെലവഴിച്ചത് ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-9 |
| 11 | ബാലൻസ് ഷീറ്റിലെ പ്രധാന അപാകത- വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-10 |
| 12 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല. | 1-1-11 |
| 13 | വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം. | 1-1-12 |
| 14 | ദുരിതാശ്വാസനിധി അക്കൗണ്ടിൽ തുക വ്യത്യാസം | 1-1-13 |

| | | |
|---|---|---|
| 15 | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വിശദവിവരം ലഭ്യമല്ല. | 1-1-14 |
| 16 | വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-15 |
| 17 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് തുകകളിൽ വ്യത്യാസം. | 1-1-16 |
| 18 | ജേണൽ വൗച്ചറുകൾക്ക് ആധാരമാക്കിയ Source Documents പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-17 |
| 19 | ഡെപ്രിസിയേഷൻ | 1-1-18 |
| 20 | എൻ.പി.എസ് - ജീവനക്കാർ, സ്ഥാപനം എന്നിവയുടെ നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-19 |
| 21 | ലൈഫ് ഭവന പദ്ധതി വായ്പാ വരവിൽ ബാങ്ക് പലിശ ഉൾപ്പെടുത്തിയത്. | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഫണ്ട് വിനിയോഗം. | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 27 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 28 | ക്യാഷ് ബാലൻസ് | 1-8 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 30 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകമർമ്മസേനയിലൂടെ - അവലോകനം | 1-10 |
| 31 | പെർമിറ്റ് ഇല്ലാതെ ടർഫുകൾ പണി തീർത്തു പ്രവർത്തിച്ചു വരുന്നു. | 1-11 |
| 32 | കെട്ടിട നിർമ്മാണ അനുമതി-ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-12 |
| 33 | തരം മാറ്റിയ ഭൂമിയിലെ കെട്ടിട നിർമ്മാണം-പരിശോധനാ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-13 |

| | | |
|---|---|---|
| 34 | വസ്തുനികുതി-ഫീൽഡ്തല പരിശോധനകൾ പൂർത്തിയായില്ല. | 1-14 |
| 35 | വരൾച്ച ദുരിതാശ്വാസം- കുടിവെള്ള വിതരണം നടത്തിയതിൽ അപാകതകൾ. | 1-15 |
| 36 | തെരുവ് വിളക്ക് റിപ്പയറിന് AMC- രേഖകൾ ഹാജരാക്കിയില്ല. | 1-16 |
| 37 | തെരുവ് വിളക്ക് റിപ്പയറിന് AMC (2021-22)- രേഖകൾ ഹാജരാക്കിയില്ല. | 1-17 |
| 38 | SSK വിഹിതം-പ്രവൃത്തികളുടെ വിശദവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. | 1-18 |
| 39 | കുടിവെള്ളക്കരം അടവാക്കൽ പദ്ധതി-മാർഗ്ഗ നിർദ്ദേശത്തിന് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിച്ചു. | 1-19 |
| 40 | തെരുവ് വിളക്ക് വിപുലീകരണ പദ്ധതി - രേഖകൾ ഹാജരാക്കിയില്ല. | 1-20 |
| 41 | ഗ്രാമപഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (സ്പിൽ ഓവർ)-രേഖകൾ ഹാജരാക്കിയില്ല | 1-21 |
| 42 | ഗ്രാമപഞ്ചായത്തിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ -രേഖകൾ ഹാജരാക്കിയില്ല | 1-22 |
| 43 | സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററിലേക്ക് അനുബന്ധ സൗകര്യം ഒരുക്കൽ -ലാപ് ടോപ് ലഭ്യമായില്ല | 1-23 |
| 44 | KWA പൊതുടാപ്പ് കണക്ഷൻ വിച്ഛേദിക്കൽ -പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല. | 1-24 |
| 45 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ പദ്ധതി- മരുന്ന് മുഴുവൻ ലഭ്യമായില്ല | 1-25 |
| 46 | കൈക്കോട്ട് കടവ് തെക്കുപുറം കണ്ണങ്കൈ റോഡ് പുനരുദ്ധാരണ പ്രവൃത്തി - എഗ്രീഡ് പി.എ.സി തുകയ്ക്ക് പരിമിതപ്പെടുത്താതെ കരാറുകാരന് തുക അനുവദിച്ചു. | 1-26 |

| | | |
|---|---|---|
| 47 | തൊഴിലുറപ്പ് പദ്ധതിയിലെ റോഡ് സോളിംഗ് പ്രവൃത്തികൾ- എസ്റ്റിമേറ്റിന് വിരുദ്ധമായി അധികം സോളിംഗ് സ്റ്റോൺ സംഭരിച്ച് തുക നൽകി. | 1-27 |
| 48 | എൽ.എസ്.ജി.ഡി ഓഫീസിൽ ലാൻ സിസ്റ്റം സ്ഥാപിക്കുൽ- പി.ഡബ്ല്യു.ഡി ഇലക്ട്രോണിക്സ് വിഭാഗത്തിന് കൈമാറിയ തുകയുടെ വിനിയോഗ വിവരം, പദ്ധതിയുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. | 1-28 |
| 49 | ഹരിതകേരളം-കുളം നവീകരണം പദ്ധതി-ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുക പൂർണ്ണമായും വിനിയോഗിച്ചില്ല. | 1-29 |
| 50 | മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി സ്ഥാപിക്കുന്ന ഇന്റർലോക്ക് ടൈലുകളുടെയും പ്രീകാസ്റ്റ് ടൈലിന്റെയും ഗുണനിലവാര പരിശോധനകൾ നടത്തുന്നില്ല. | 1-30 |
| 51 | മണിയനോടി കുളം നവീകരണം-പ്രവൃത്തിയുടെ ഭാഗമായി പൊളിച്ചു മാറ്റിയ ചെങ്കല്ലിന്റെ പുനരുപയോഗവിവരമില്ല. | 1-31 |
| 52 | കൃഷി ഓഫീസറുടെ പ്രോജക്ടുകൾ- സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റായില്ല | 1-32 |
| 53 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടിലെ അപാകങ്ങൾ | 1-33 |
| 54 | എഫ് എച്ച് സി ഡോക്ടർ , പാരാമെഡിക്കൽ ജീവനക്കാരുടെ വേതനം നൽകൽ പ്രോജക്ട്-വേതനത്തിൽനിന്നും ആദായനികുതി ഈടാക്കിയില്ല | 1-34 |
| 55 | കാലിത്തീറ്റ വിതരണം പ്രോജക്ട്-അപാകങ്ങൾ | 1-35 |
| 56 | LSS, USS ഉന്നത വിജയം കൈവരിച്ച കുട്ടികൾക്ക് അനുമോദനം പദ്ധതി - മാർഗരേഖയിൽ ഉൽപ്പെടാത്ത ഇനത്തിന് തുക ചെലവഴിച്ചു -62,020/-രൂപ തടസ്സപ്പെടുത്തുന്നു. | 1-36 |

| | | |
|---|---|---|
| 57 | ലൈഫ് ഭവന പദ്ധതി- ധനസഹായം കൈപ്പറ്റിയവർ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. | 1-37 |
| 58 | റിട്രോഫിറ്റിംഗ് സംവിധാനം ഏർപ്പെടുത്തൽ - സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക നൽകി. | 1-38 |
| 59 | പി.എച്ച്.സി.യുടെ എച്ച്.എം.സി വരവ്-ചെലവ് കണക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-39 |
| 60 | ഇടപാടുകൾ യഥാസമയം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. | 1-40 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | കൈക്കോട്ട് കടവ് തെക്കുപുറം കണ്ണങ്കൈ റോഡ് പുനരുദ്ധാരണ പ്രവൃത്തി - എഗ്രീഡ് പി.എ.സി തുകയിൽ പരിമിതപ്പെടുത്താതെ കരാറുകാരന് തുക അനുവദിച്ചു. | 3-1 |
| 2 | തൊഴിലുറപ്പ് പദ്ധതിയിലെ റോഡ് സോളിംഗ് പ്രവൃത്തികൾ- എസ്റ്റിമേറ്റിന് വിരുദ്ധമായി അധികം സോളിംഗ് സ്റ്റോൺ സംഭരിച്ച് തുക നൽകി. | 3-2 |
| 3 | റിട്രോഫിറ്റിംഗ് സംവിധാനം ഏർപ്പെടുത്തൽ - സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി അധികം തുക നൽകി. | 3-3 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം. | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം –1

## പൊതു അവലോകനം

**1-1-1 മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച വാർഷിക കണക്കുകളി പരിഹിച്ചിട്ടില്ല.**

മുൻ വർഷങ്ങളിലെ വാർഷിക കണക്കിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച നാളിതു വരെ പരിഹരിച്ചിട്ടില്ല. പരിഹരിച്ചവയുടെ വിശദ വിവരം 2023-24 വർഷത്തെ കുറിപ്പു ഫയലാക്കി ഉള്ളടക്കം ചെയ്തിട്ടുമില്ല.

**1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്**

കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായ ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 18.05.2024 ലെ കമ്മിറ്റി തീരുമാനം നം 23.05.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടി പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെ എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാല സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാ സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകി സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപര നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരി ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാ വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതു എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വി

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളു അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മിക വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷ ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വി ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തൃക്കരിപ്പൂർ ഗ്രാമ പ

വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലങ്ങ
നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്,

24.12.2024

കേരള
ജില്ലാ ഓഡിറ്റ് ക

**1-1-2 ജനറൽ ഫണ്ട് വിശദാംശം സൂക്ഷിച്ചിട്ടില്ല**

ഡബിൾ എൻട്രി അക്കൗണ്ടിംഗിലേയ്ക്ക് മാറിയ പ്രാരംഭകാലഘട്ടത്തിൽ (01.04.2012 ൽ) പ
(കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള അപാകതകൾ നിലനിൽക്കുന്നതിന
സൂക്ഷിയ്ക്കാത്തതിനാലും 31.03.2024 തീയതിയിലെ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിന്റെ അ
കൃത്യത വ്യക്തമല്ല. ആസ്തികളുടെയും ബാധ്യതകളുടെയും മൂല്യനിർണയപ്രക്രിയ
പൂർത്തീകരിച്ചിട്ടില്ല. അതാത് വർഷങ്ങളിലെ വരവു ചെലവു കണക്കുകളിലെ ക
അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ ജനറൽ ഫണ്ടിൽ വരുത്തിയിട്ടില്ല.

**1-1-3 വർഷങ്ങളായി ആവർത്തിച്ച് വരുന്ന അപാകതകൾ.**

എ) ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി
ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activiti
തുകയും പൊരുത്തപ്പെടുന്നില്ല.

ബി) 2023-24 ലെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം Excess Of I
64,22,434 രൂപയാണ്. എന്നാൽ 31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായ
ക്യാരി ഓവർ ചെയ്ത തുക 7,27,50,419.35 രൂപയാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ വർഷങ്ങളായി ആവർത്തിച്ചു വരുന്നതും സംസ്ഥാന തലത്തില
ക്രമീകരണത്തിലൂടെ പരിഹരിക്കപ്പെടേണ്ടതുമാണ്. എന്നാൽ സോഫ്റ്റ് വെയർ ദാതാക്ക
പരിഹരിക്കാനുള്ള നടപടികൾ ഉണ്ടായിട്ടില്ല.

**1-1-4 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പ
മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി,
സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ച്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ
ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലി
മേഖല ഷെഡ്യൂളുകളിൽ 31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവ
ആധികാരികതയും കൃത്യതയും ഉറപ്പു വരുത്താനായിട്ടില്ല.

**1-1-5 ഇലക്ഷൻ ഡെപ്പോസിറ്റ് -₹66,500/- മുതൽകൂട്ടിയില്ല.**

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ പ്രകാരം ഇലക്ഷൻ ഡെപ്പോസ ഇനത്തിൽ ₹66,500/- ബാദ്ധ്യത ഉള്ളതായി കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ അ സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാ ഇലക്ഷൻ നിക്ഷേപം, കാലഹരണപ്പെട്ടിട്ടുള്ള നിക്ഷേപം എന്നിവ നാളിതുവരെ തനത് ഫ

**<u>1-1-6 പൈക്ക ഫണ്ട് ഇനത്തിലെ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.</u>**

പൈക്ക ഇനത്തിലെ തുകയിൽ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പിലും അക്കൗണ്ടിലെ നിക്കിയിരിപ്പിലും ചുവടെ പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഇനം | കോഡ് | നീക്കി |
|---|---|---|
| Panchayath Yuva Krida Aur Khel Abhiyan | 320100153 | 21,991/ |
| SBI (PYKKA) - 33972734861 | 450210101 | 20,033 |
| **വ്യത്യാസം** | | **1,958/-** |

**<u>1-1-7 ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ തുക വർഷങ്ങളായി നിലനിൽക്കുന്നു.</u>**

ബി-18 ഷെഡ്യൂൾ പ്രകാരം ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ 7,700/- രൂപ 2014- മുതൽ നിലനിൽക്കുന്നു. 2020-21 സാമ്പത്തിക വർഷം മുതൽ ഈ തുക "46050039 Authorised Agencies" എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ലഭ്യമല്ല.

**<u>1-1-8 വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപത്തിന്റെ നീക്കിയിരിപ്പിലെ അപ</u>**

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപങ്ങളിൽ നിക്ഷേപ രജിസ്റ്റർ, നിക്ഷേ പ്രകാരം താഴെ കൊടുത്തിട്ടുള്ള ബാങ്ക് നിക്ഷേപങ്ങളിൽ വ്യത്യാസം വന്നതായി കാണുന്നു

| ക്രമ നം | സ്ഥാപനത്തിന്റെപേര്(ബാങ്ക്/ ട്രഷറി/പോസ്റ്റ്ഓഫീസ്) | നിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരം 31.3.2023-ലെ (1.4.2024-ലെ മുന്നിരിപ്പ്) നിക്ഷേപ തുക | നിക്ഷേപ രജി പ്രകാരം 31.3.2 ലെ (1.4.2024- മുന്നിരിപ്പ്) നി തുക |
|---|---|---|---|
| 1 | തൃക്കരിപ്പൂർ ഫാർമേഴ്സ് ബാങ്ക് -0601090000354 | | 16,81,678 |
| 2 | തൃക്കരിപ്പൂർ ഫാർമേഴ്സ് ബാങ്ക് -010109001403914039 | | 56,54,193 |

| | | | |
|---|---|---|---|
| 3 | തൃക്കരിപ്പൂർ ഫാർമേഴ്സ് ബാങ്ക് -0101090015676 | | 92,55,849 |

മേൽ അപാകതയ്ക്ക് ഓഡിറ്റ് എൻക്വയറി നം.26/തീ.30.11.2024 പ്രകാരം വിശദീകര മറുപടിയിൽ മേൽ മൂന്ന് നിക്ഷേപങ്ങളുടെയും നിക്ഷേപ തുക 2022-23 വർഷങ്ങളിൽ അപാകത സംഭവിച്ചത് എന്നാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകില്ലെന്ന് ര

**1-1-9 ഗുണഭോക്തൃവിഹിതം - നേരിട്ട് ചെലവഴിച്ചത് ബാധ്യതയായി രേഖപ്പെടുത്തിയിര**

ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ "320800102 - Beneficiary Contribution (Direct Expe 8,13,250/- രൂപ ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നു. ആയത് വിശദീകരിച്ചിട്ടില്ല.

**1-1-10 ബാലൻസ് ഷീറ്റിലെ പ്രധാന അപാകത- വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

വിവിധ ആസ്തി ബാദ്ധ്യതകളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്ത കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A). ഷെഡ്യൂൾ B4ലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പുകൾ ഏതൊക്കെ ആവശ ലഭിച്ച എന്നും നീക്കിയിരിപ്പ് തുകകൾ ഏതൊക്കെ ബാങ്ക് അക്കൗണ്ടുകളിലാണ് വിശദീകരിച്ചിട്ടില്ല.

320100148 National Rural Drinking Water Programme- 10,000.

320100152 Other Schemes- 15,616

320100153 Panchayat Yuva Krida Aur Khel Abhiyan- 21,991

320100181 Total Sanitation Campaign- 26,313

320100194 Library Grant- 25,490

320100196 Integrated Child Developement Scheme- 31,96,333

320100198 Grant From Suchitwa Mission- 33,89,386

320100999 Other Liabilities- 49,839

320200399 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Other Purposes- 27,78,968

320300199 Grants, Funds & Contributions For Specific Purposes - Other Government A

320400199 Grants,Funds&Contributions For Specific Purposes-Other Financial Institutio

320700204 Contributions For Joint Venture Projects (For Revenue Expenditure) – 2,64,269

320700205 Contributions For Joint Venture Projects (For Revenue Expenditure) – I 4,08,754

320700404 Contributions For Other Specific Purposes (For Revenue Expenditure)- 21,000

320800101 Beneficiary Contributions- 2,89,643

320800102 Beneficiary Contribution (Direct Expenditure)- 8,13,250

320900102 Donations Related To Pandemic/Epidemic Control- 40,100

B). B9 ഷെഡ്യൂളിലെ ചുവടെ ചേർത്ത ബാദ്ധ്യതാ നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശ

350300112 Government And Other Dues Payable -Value Of Court Fee Stamp- 5,125

350300199 Government And Other Dues Payable - Others- 1,150

**1-1-11 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക്**

ബാലൻസ് ഷീറ്റ് B-7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട കാലഹരണപ്പെട്ട ഡെ
എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല (Suppliers Emd, Suppliers Security Dep
ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 1,12,5
സാധൂകരിക്കുന്ന രേഖകൾ(ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടി

**1-1-12 വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം.**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 17 (2) പ്രകാരം അ
അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ്, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളി
തിരിച്ച് നൽകൽ, കുറവ് വരുത്തൽ, എഴുതി തള്ളൽ എന്നിവ സംബന്ധിച്ചും പി
സംബന്ധിച്ചും പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കിക്കേണ്ടതും ഇവ
പുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ
അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക
വ്യാപാരികളിൽ നിന്നുമുള്ള തൊഴിൽ നികുതി എന്നീയിനങ്ങളുടെ അക്രൂവൽ വരുമാന
വർഷാവസാന ദിനമായ 2024 മാർച്ച് 31 ന് മാത്രമാണ്.

**1-1-13 ദുരിതാശ്വാസനിധി അക്കൗണ്ടിൽ തുക വ്യത്യാസം**

ദുരിതാശ്വാസനിധി അക്കൗണ്ടിൽ (നം.101070010778 TFSC Bank) ൽ നീക്കിയിരിപ്പ് തുക
B-17 പ്രകാരം 34,492 രൂപയാണ്. എന്നാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-2 പ്രകാരം അ
500 രൂപയുടെ വ്യത്യാസമുണ്ട്.

**1-1-14 ക്രമീകരിക്കുവാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വിശദവിവരം ലഭ്യമല്ല.**

വാർഷിക ധനകാര്യ പത്രികയിലെ ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ
മുൻകൂറുകളിൽ ₹64,58,428/-ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നുണ്ട്. എന്നാൽ സ്ഥ
രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ നീക്കിയിര
വിവരങ്ങൾ (തുക, അഡ്വാൻസ് കൈപ്പറ്റിയ സ്ഥാപനം/വ്യക്തി, ഉദ്ദേശം) പരിശോധിക്കാ

**1-1-15 വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല**

31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം 330500201-Secured Loan From KRDFC എന്ന 68,96,499 രൂപയാണ്. എന്നാൽ തത്തുല്യമാവേണ്ടിയിരുന്ന 440500101-Prepaid Pro ഹെഡിലെ നീക്കിയിരിപ്പ് 66,26,198 രൂപയാണ്. 2,70,301 രൂപയുടെ വ്യത്യാസം നിലനി

**1-1-16 ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരിപ്പ് തുകകളിൽ വ്യത്യാസം.**

ഷെഡ്യൂൾ B4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്), ധനകാര്യ കമ്മീഷൻ ഗ്ര നീക്കിയിരിപ്പ് യഥാക്രമം 9,33,164 രൂപയും 0 രൂപയുമാണ് (ആകെ 9,33,164 രൂപ). എന്ന ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിലെ (IOB- 16210) 31.03.2024 ലെ നീക്കിയിരിപ്പ് 12,21,1 വിശദീകരിച്ചിട്ടില്ല.

**1-1-17 ജേണൽ വൗച്ചറുകൾക്ക് ആധാരമാക്കിയ Source Documents പരിശോധനയ്ക്ക്**

എ) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. തുടങ്ങിയ വിവരങ്ങൾ സഹിതം)

ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ റവന്യൂ ഗ്രാന്റ്, ക്യാ എന്നിവ രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സി) 2023-24 വർഷം പെൻഷൻ തുകകൾ ജേണൽ വഴി രേഖപ്പെടുത്താൻ ആ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഡി) 2023-24 വർഷത്തെ ഡെപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധ

**1-1-18 ഡെപ്രിസിയേഷൻ**

2023-24 വർഷത്തെ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നത് വിവിധ ഫണ്ടുകള കോൺട്രിബ്യൂഷൻ തുകകളുടെ മേലാണ്. ജി.ഒ(എം.എസ്)നം.152/2011/തസ്വഭവ, തി പുറപ്പെടുവിച്ചിട്ടുള്ള Significant Accounting Policies പ്രകാരം ഡെപ്രിസിയേഷൻ ആസ്ത ചെയ്യേണ്ടത്. ഇതിനു വിരുദ്ധമായി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനു മേൽ ഡെപ്രിസിേ വിശദീകരണം നൽകിയിട്ടില്ല.

**1-1-19 എൻ.പി.എസ് - ജീവനക്കാർ, സ്ഥാപനം എന്നിവയുടെ നീക്കിയിരിപ്പ് തുക പൊ**

ജീവനക്കാർ, സ്ഥാപനം എന്നിവയുടെ എൻ.പി.എസ് നീക്കിയിരിപ്പ് തുക ച പൊരുത്തപ്പെടുന്നില്ല.

| ക്രമ നമ്പർ | കോഡ് | ഇനം |
|---|---|---|
| 1 | 350110108 | Employer Liabilities - Pension Contributions Payable(NI |
| 2 | 350200204 | Recoveries Payable - National Pension Scheme |

## 1-1-20 ലൈഫ് ഭവന പദ്ധതി വായ്പാ വരവിൽ ബാങ്ക് പലിശ ഉൾപ്പെടുത്തിയത്.

ലൈഫ് പദ്ധതി ബാങ്ക് അക്കൗണ്ടിലെ പലിശവരവ് തുക വായ്പ വരവിൽ തന്നെ ഉൾ തുക മാത്രമായി കണക്കാക്കുന്നതിൽ ഇത് വൈഷമ്യം സൃഷ്ടിക്കുവാൻ സാധ്യതയുണ്ട്. ആ പ്രത്യേക പ്രൊവിഷൻ നല്കി ബാധ്യതയിൽ ഉൾപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കേണ

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം –

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 2/ തീ.22.03.2023 | 1/തീ.03.02.202 |
| മുന്നിരിപ്പ് | 3,04,49,658 | 5,38,24,384 |
| വരവ് | 32,38,69,150 | 35,05,49,197 |
| ആകെ | 35,43,18,758* | 40,43,73,581 |
| ചെലവ് | 34,20,09,000 | 37,21,42,323 |
| നീക്കിയിരിപ്പ് | 1,23,09,758 | 3,22,31,258 |

*ആകെ തുകയിൽ 50/- രൂപയുടെ വ്യത്യാസമുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്

| വർഷം | 2023-24 |
|---|---:|
| മുന്നിരിപ്പ് | 2,36,71,881 |
| വരവ് | 10,85,69,191 |
| ആകെ | 13,22,41,072 |
| ചെലവ് | 11,31,23,553 |
| നീക്കിയിരിപ്പ് | 1,91,17,519 |

## 1-4 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 2,66,33,000 | 2,66,33,000 | 1,88,36, |
| വികസനഫണ്ട് എസ്.സി.പി. | 0 | 61,85,000 | 61,85,000 | 43,18,62 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 |

| | | | | |
|---|---|---|---|---|
| MG റോഡ് | 0 | 1,28,60,000 | 1,28,60,000 | 72,42,5 |
| MG നോൺറോഡ് | 0 | 75,86,000 | 75,86,000 | 61,59,78 |
| CFC ബേസിക് ഗ്രാന്റ് | 9,43,426 | 45,38,101 | 54,81,527 | 43,53,9 |
| CFC ഗ്രാന്റ്(Tied) | 34,85,654 | 33,07,500 | 67,93,154 | 61,47,50 |
| **സംയുക്ത പദ്ധതികൾ.** | | | | |
| ബ്ലോക്ക്പഞ്ചായത്ത് | 0 | 19,91,240 | 19,91,240 | 19,91,24 |
| ജില്ലാ പഞ്ചായത്ത് | 8,00,000 | 10,51,620 | 18,51,620 | 15,62,86 |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ.** | | | | |
| ICDS കേന്ദ്ര വിഹിതം | 17,99,290 | 22,18,949 | 40,18,239 | 8,21,906 |
| ടോട്ടൽ സാനിറ്റേഷൻ | 26,313 | 0 | 26,313 | 0 |
| പൈക്ക | 20,682 | 0 | 20,682 | 649 |
| എസ്.എസ്.എ | 97,377 | 7,957 | 1,05,334 | 0 |
| ഹെൽത്ത് ഗ്രാന്റ് – I, 320100204 | 1,36,827 | 4,83,500 | 6,20,327 | 1,75,824 |
| ഹെൽത്ത് ഗ്രാന്റ് – II, 320100202 | 2,67,895 | 11,89,200 | 14,57,095 | 14,37,70 |
| ഹെൽത്ത് ഗ്രാന്റ് – III, 320100203 | 0 | 28,03,919 | 28,03,919 | 124 |
| സ്വച്ച് ഭാരത് അഭിയാൻ | 0 | 33,74,661 | 33,74,661 | 33,74,66 |
| ലിറ്ററസി സ്കീം ഗ്രാന്റ് | 0 | 12,384 | 12,384 | 12,384 |
| NHM | 0 | 5,00,000 | 5,00,000 | 0 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | |
| സാക്ഷരത | 38,785 | 1,556 | 40,341 | 0 |
| ശുചിത്വ മിഷൻ | 33,89,386 | 0 | 33,89,386 | |
| ലൈഫ്ഭവനം.സംസ്ഥാനവിഹിതം | 6,40,000 | 67,35,262 | 73,75,262 | 64,85,3 |
| ദുരിതാശ്വാസ നിധി | 13,266 | 1,56,726 | 1,69,992 | 1,35,500 |
| ബയോഡൈവേഴ്സിറ്റി | 4,04,867 | 9,888 | 4,14,755 | 2,24,52 |
| വിമുക്തി | 85,590 | 0 | 85,590 | 0 |
| ലൈബ്രറി ഗ്രാന്റ് | 14,050 | 11,440 | 25,490 | 0 |
| ബഡ്സ് സ്കൂൾ | 2,00,000 | 0 | 2,00,000 | 0 |

**കുറിപ്പ് :**

**1)**വികസന ഫണ്ട് ജനറൽ 24,90,879രൂപ (ലൈഫ് മിഷൻ വായ്പ തിരിച്ചടവ്(ജനറൽ) നിന്നും ഈടാക്കിയ 7,82,679 രൂപയും അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്ത ഈടാക്കിയ 17,08,200 രൂപയും), ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ എ എന്നിങ്ങനെ സ്രോതസ്സിൽ നിന്നും കുറച്ച തുകകൾ മേൽപട്ടികയിൽ വരവിലും ചെലവിലു

2)തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധനസാമഗ്രികളുടെ വില
24വർഷം 5,99,33,193/-രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെ

**3)**വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2023-24 വർഷം 6,06,64,600ര
അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ(DBT)ചെയ്തിട്ടുണ്ട്.( ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെ

**4)** ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2023-24 വർഷം 1,77,82,200/- രൂപ വരവുണ്ട് .

**5)**ധനകാര്യകമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ബാങ്ക് ബാലൻസായി 31.3.2023-ന് 44,29,
തുകയിൽ 26,55,958 രൂപ(ടൈഡ്), 9,23,089 രൂപ(അൺ-ടൈഡ്), ധനകാര്യകമ്മീഷൻ
വിഹിതം 8,00,000 രൂപ, 2022-23 വർഷം റീ-ടെൻഷൻ ഇനത്തിൽ ഈടാക്ക്
അടവാക്കേണ്ട 40,473 രൂപ, ഓഡിറ്റ് വർഷം റിക്കവറി ഇനത്തിൽ അടവാക്കാൻ ബാക്കി
ഉൾപ്പെടുന്നു.

**6)**ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും
രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വക
തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യ
നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .**

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| 268 | **17,99,67,865** | 174 | **8,85,42,717** | 41 | 94 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2023-24 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2023-24 നടപ്പാക്കിയ പദ്ധതികളുടെ | |
|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെല |
| 1 | സെക്രട്ടറി | 44 | 18283548 | 32 | 13155 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 7 | 1391000 | 2 | 3800 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 119 | 71999249 | 60 | 2445 |

| | | | | | |
|---|---|---|---|---|---|
| 4 | കൃഷി ഓഫീസർ | 12 | 4383675 | 10 | 3745 |
| 5 | വെറ്ററിനറി സർജ്ജൻ | 6 | 1924105 | 4 | 111431 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 27 | 59370750 | 25 | 3076 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8652805 | 5 | 3882 |
| 8 | പ്രധാനധ്യാപകൻ | 11 | 1424000 | 5 | 2744 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 6 | 2000000 | 5 | 1799 |
| 10 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 16 | 8048733 | 16 | 6869 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 7 | 1286000 | 7 | 121418 |
| 12 | ഡയറി ഫാം ഇൻസ്ടക്ടർ | 1 | 800000 | 1 | 6078 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 404000 | 2 | 2830 |
| | **ആകെ** | **268** | **179967865** | **174** | **8854** |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് |
|---|---|---|---|---|
| ഭരണച്ചെലവ് | 2803.09 | 2682133 | 2684936.09 | 2684935 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 59933192.78 | 59933192.78 | 5993319 |
| ആകെ | 2803.09 | 62615325.78 | 62618128.87 | 62618128 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2023-24 പദ്ധതികളുൾപ്പെടുന്ന 103,35,12,675/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത നേടിയിരുന്നു. തൻവർഷം 490 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻവർഷം ആകെ 142988 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 1051 കുടുംബ

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷൻ പദ്ധതികൾക്കായി വിനി വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭേ<br>എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 54,81,000/- | 391 |
| വിധവാപെൻഷൻ | 2,39,36,800/- | 1912 |
| വാർദ്ധക്യകാലപെൻഷൻ | 3,85,08,100/- | 3408 |
| വികലാംഗപെൻഷൻ | 65,70,300/- | 436 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 13,09,600/- | 89 |

**1-8 ക്യാഷ് ബാലൻസ്**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് 26.11.2024 തീയതിയിൽ 3.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 44,167/- രൂപയുടെ കൃത്യത പരിശോധനയിൽ

**1-9 ആഭ്യന്തര നിയന്ത്രണം**

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്ത വിഷയങ്ങൾ ചുവടെ ഉൾപ്പെടുത്തുന്നു.

1) 16/07/2018ലെ ഉത്തരവ് നം. എ3/2018 പ്രകാരം പ്രകാരം ജീവനക്കാരുടെ ജോല പഞ്ചായത്ത് സെക്രട്ടറി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് ഉപ ഉത്തരവുക നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്ര വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം 13 തവണ ഓഫീസ് മീറ്റിംഗ് ചേർന്നി സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ വന്ന മാറ്റങ്ങൾ ഉൾപ്പെ ഉൾപ്പെടുത്തി വിശദമായ പുതുക്കിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ

2) അക്കൗണ്ടിംഗ് രേഖകളുടെ സൂക്ഷിപ്പ് :

രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ വര ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായ വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെ ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് (അ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. വാർ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചി

3) അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ.&ഒ.എസ തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങ ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച

മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുവാൻ ധനകാര്യ സ്റ്റ
ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

4) ഓഡിറ്റ് വർഷം 35 തവണ പഞ്ചായത്ത് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. മീറ്റിംഗുകൾ
ശ്രദ്ധിച്ചിട്ടുണ്ട്. മീറ്റിംഗുകളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാ
ചെയ്തിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബ
തുടർ യോഗങ്ങളിൽ നടത്തിയതായി മിനിട്ട്സിൽ കാണുന്നില്ല. പഞ്ചായത്ത് കമ
നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേ
മിനിട്സ് സകർമ്മാ സോഫ്റ്റ് വെയർ മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. കൂടാതെ
മുഖേന തയ്യാറാക്കുന്ന ഭരണ സമിതി യോഗ മിനിട്സ് പൂർത്തീകരിച്ച് ക്ലോസ് ചെ
ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ 1995-ലെ കേരള പഞ്ചായത
യോഗ നടപടിക്രമം) ചട്ടങ്ങളിലെ, ചട്ടം 26 പ്രകാരമുള്ള സമയപരിധി
ശ്രദ്ധിക്കേണ്ടതാണ്.

5) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിൽ പെൻഷൻ അപേക്ഷകൾ ലഭിച്ചത്, അ
നിരസിച്ച പെൻഷൻ അപേക്ഷകൾ, നിരസിക്കാനുള്ള കാരണങ്ങൾ, അംഗീകരിച്ച
എന്നിങ്ങനെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മരണപ്പെടുന്ന ഗുണഭോ
റദ്ദാക്കിയത് സംബന്ധിച്ച തീരുമാനങ്ങൾ കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

6) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങ
സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്.

7) കുടിവെള്ള പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി 2021 നവംബറിൽ റി
ഇതനുസിച്ച് 132 പൊതു ടാപ്പുകൾ ഒഴിവാക്കുവാൻ തീരുമാനം എടുത്തിരുന്നുവെങ്ക
ഒടുക്കിയിട്ടുള്ളത് 2023 ഓഗസ്റ്റിലാണ്. പ്രവർത്തനക്ഷമമല്ലാത്ത കണക്ഷൻ വിഛേദിച്ച്
ആയത് പ്രകാരമുള്ള കുറവ് വരുത്തിയിട്ടില്ല. ജല അതോറിറ്റിയുമായി ബന്ധപ്പെട്ട് ഇക്കാ
സ്വീകരിക്കേണ്ടതാണ്.

8) സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക
കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ നിർദ്ദേശങ്ങൾ നൽകിയ
പൂർണമായിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ രേഖകളുടെ പിൻ
രേഖപ്പെടുത്തി കാലികമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല. കൂടാതെ ആസ്തി
വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല.

9) സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത്
നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനു
നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അ
പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, കാര്യക്ഷമമാ
സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോക
പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

10) തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാ
ഭരണ സമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രത്യകം ശ്രദ്ധ നൽകേണ്ടതാണ്.

11) വാർഷിക പദ്ധതി നിർവഹണത്തിനായി ലഭ്യമായ സർക്കാർ ഗ്രാന്റുകൾ യഥാ
സാധിക്കാതെ ലാപ്സാകുന്ന സാഹചര്യം നിലവിലുണ്ട്. ഇക്കാര്യത്തിൽ ഭരണ സമിതി പ്ര
വികസന പദ്ധതികൾക്കായി ലഭിക്കുന്ന സർക്കാർ ഗ്രാന്റുകൾ നഷ്ടപ്പെടുന്ന സാഹചര്യം ഒ

## 1-10 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകമർമ്മസേ അവലോകനം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ-മാലിന്യ സംസ്കരണ മേ
സംഘടനാ സംവിധാനമാണ് ഹരിത കർമ്മ സേന. പഞ്ചായത്തുകളും നഗരസ
രൂപീകരിച്ചിട്ടുള്ള ഈ സംവിധാനം പ്രധാനമായും അജൈവ മാലിന്യത്തിന്റെയും
മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. സർക്കാർ ഉത്തരവിന്റെ അ
സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങിയാണ് ഇവർ വീടുകളിൽ നിന്നും സ്ഥാപനങ്ങ
ശേഖരണം നടത്തുന്നത്.

ശുചിത്വവും ഹരിതാഭവുമായ കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ കേരളത്തി
ഒരു ഹരിത കർമ്മസേന രൂപീകരിക്കണമെന്നും ഓരോ പഞ്ചായത്തും മാലിന്യമുക്തമാക
ഹരിത കർമ്മസേനയുടെ സജീവ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലു
നിഷ്കർഷിച്ച് കൊണ്ട് 15.07.2017 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 24
അടിസ്ഥാനമാക്കി 2017 മുതൽ തന്നെ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച് സംസ്ഥാന
സ.ഉ. (സാധാ) 2511/2017 തസ്വഭവ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാന
വകുപ്പ് 219 എ മുതൽ എക്സ് വരെയും, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 20
നടപ്പാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ
ഗ്രാമപഞ്ചായത്തുകളിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം സജീവമാകുന്നത്.
വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020ലെ സ.ഉ(സാധാ)
നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 12.08.2020-ലെ സ.ഉ(സാ.ധാ
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗ
പുറപ്പെടുവിച്ചു.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിൽ രൂപീ
കർമ്മസേനയുടെ പ്രവർത്തനങ്ങളെയും ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്ക
കുറിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024-ലെ ഡി.കെ.എസ്.എ
നമ്പർ കത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്ക
സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" എന്ന വിഷയത്തിന്മേൽ തയാറാക്കിയ അവലോ

വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ
ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചു
സേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. 12.02.2019 ലെ സ.ഉ(സാധാ) നം. 30
പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ് എന്ന

എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതുപ്രകാരം തൃക്കരിപ്പൂർ ഗ്ര വാർഡായ തൃക്കരിപ്പൂർ ടൗണിൽ MCF സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലെ വിവി മിനി എം.സി.എഫും സ്ഥാപിച്ചിട്ടുണ്ട്.

സംഘാടനം

ഗ്രാമപഞ്ചായത്തിന്റെ 21 വാർഡുകളിലെ കുടുംബശ്രീ സംഘടനയിൽ ഒരു വാർഡിൽ ര 42 വനിതകളാണ് ഹരിതകർമ്മ സേനാംഗങ്ങളായി പ്രവർത്തിക്കുന്നത്. 2019 ഗ്രാമപഞ്ചായത്തിൽ ഹരിതകർമസേന രൂപീകരിച്ചത്. ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങൾക്കും വിവിധതരം മാലിന്യ നിർമ്മാർജ്ജനോപാധികൾ പരിചയപ്പെടുത്തുന്നതിനും പൊതുജനത്തെ ഉറവിട മാലിന്യ സംസ്കരണത്തിനും പ്രാപ്തരാ പരിശീലനങ്ങൾ നല്കിയുമാണ് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയെ വാർത്തെ സേനാംഗങ്ങളെ ഏകോപിപ്പിക്കുന്നതിനായി കൺസോർഷ്യം രൂപീകരിച്ച അജൈവമാലിന്യം ശേഖരിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്ന് 100രൂപ നിരക്കിലും ഭവ നിരക്കിലും ഫീസ് ഈടാക്കിയാണ് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്ത സേനയുടെ പേരിൽ തൃക്കരിപ്പൂർ ഫാർമേഴ്സ് ബാങ്കിൽ ഒരു അക്കൗണ്ട് ആരംഭ സേനംഗങ്ങൾക്ക് പ്രത്യേകമായി യൂണിഫോമും ഐ.ഡി.കാർഡും ഉണ്ട്.

| | |
|---|---|
| വാർഡുകളുടെ എണ്ണം | 21 |
| ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 45,016 |
| ആകെ വീടുകൾ | 11912 |
| ആകെ വാസേതര കെട്ടിടങ്ങൾ | 6957 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 42 |

വൃത്തിയുള്ള പരിസരം ആരോഗ്യമുള്ള സമൂഹം.

ഹരിതസുന്ദരം എന്റെ തൃക്കരിപ്പൂർ എന്ന മുദ്രവാക്യവുമായി പ്രവർത്തിക്കുന ഹരിതകർമ്മസേന പ്രത്യേകമായി തയ്യാറാക്കിയ കലണ്ടർ പ്രകാരമാണ് മാലിന്യങ്ങൾ ശേ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ആദ്യം വിവിധ വാർഡുക 100 മിനി എം.സി.എഫുകളിലേക്കും അവിടെ നിന്ന് പഞ്ചായത്തിലെ മൂന്നാം വാർഡ സ്ഥാപിച്ചിട്ടുള്ള എം.സി.എഫിലേക്കും തുടർന്ന് ഗ്രാമപഞ്ചായത്തുമായി കരാറിൽ കൈതക്കാട് എന്ന മാലിന്യസംസ്കരണ സ്ഥാപനത്തിനും നല്കുന്നു. ഹരിതകർമ്മസേ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യം എം.സി.എഫിൽ എത്തിക്കുന്നതിനാ വർഷിക പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയ ഇലക്ട്രിക് വാഹനം ഉപയോഗിക്കുന്നു. ഹ തന്നെയാണ് വാഹനം ഓടിക്കുന്നത്.

രേഖകൾ

ഹരിതകർമ്മസേനയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന ഓഫീസ് സംവിധാനത്തിൽ ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, യൂസർഫീ രജിസ്റ്റർ, രസീപ്റ്റ് ബുക്ക്, ആക്ടിവിറ്റി രജിസ്റ്റർ, സൂക്ഷിച്ച് വരുന്നു.

2021-22 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ ലഭിച്ച യൂ ചേർക്കുന്നു

| വർഷം | കളക്ട് ചെയ്ത യൂസർ ഫീ |
|---|---|
| 2021-22 | 12,27,455 |
| 2022-23 | 26,12,434 |
| 2023-24 | 55,02,503 |

2021-22 ൽ യൂസർ ഫീയിനത്തിൽ നേടിയതിന്റെ ഇരട്ടിയിലേറെ വരുമാനമാണ് 2023-2
നിരന്തരമായ പരിശ്രമത്തിലൂടെ ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേന മികച്ച പ്രവർ
നേട്ടം കൈവരിച്ചിട്ടുള്ളത്. ഹരിതകർമ്മ സേന രൂപീകരിച്ചതിലൂടെ തൃക്കരിപ്പൂർ ഗ്രാമ
ലക്ഷ്യങ്ങൾ ഏറെക്കുറെ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. യൂസർഫീയായി വീടുകള
കടകളിൽനിന്ന് 100/- രൂപയുമാണ് ഈടാക്കുന്നത്. ഇത് ഹരിത കർമ്മ സേനയുടെ
എന്നിവക്കായി ഉപയോഗിക്കുന്നു. ഇത് കൂടാതെ മാലിന്യം തരംതിരിച്ച് വിൽപന നട
52,632/- രൂപയും 2022-23 ൽ 2,70,285/- രൂപയും 2023-24 ൽ 5,35,733/- രൂപയും ലഭി

മാലിന്യനിർമ്മാർജ്ജനമെന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനാ
വർഷങ്ങളിലായി മാലിന്യ നിർമ്മാർജ്ജനം, മാലിന്യങ്ങളുടെ ഉറവിട സംസ്കരണം, ഹരിത
സൗകര്യമൊരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ ചുവടെ ചേർ
രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

<u>2022-23 വർഷം</u>

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെല തു |
|---|---|---|---|
| 212/23 | ഹരിതകർമസേനക്ക് ഉപകരണങ്ങൾ വാങ്ങൽ | വി.ഇ.ഒ | 4,35, |

<u>2023-24 വർഷം</u>

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | |
|---|---|---|---|
| 19/24 | ഹരിതമിത്രം -സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | വി.ഇ.ഒ | 3, |
| 29/24 | ഹരിതകർമസേന പ്രവർത്തനങ്ങൾ | വി.ഇ.ഒ | 2 |
| 38/24 | ഹരിതകർമസേന കാറ്ററിംഗ് യൂണിറ്റ് | വി.ഇ.ഒ | 5, |
| 67/24 | മിനി എം.സി.എഫ് വാങ്ങി സ്ഥാപിക്കൽ | വി.ഇ.ഒ | 3, |
| 100/24 | ഹരിതകർമസേനക്ക് വെയിംഗ് മെഷീൻ വാങ്ങൽ | വി.ഇ.ഒ | |
| 112/24 | ഹരിതകർമസേന ഇനോക്കുലം യൂണിറ്റ് | വി.ഇ.ഒ | |

| | | | |
|---|---|---|---|
| 251/24 | മിനി എം.സി.എഫ് വാങ്ങി നൽകൽ രണ്ടാം ഘട്ടം | വി.ഇ.ഒ | 21 |
| 178/24 | എം.സി.എഫ് അനുബന്ധ സൗകര്യം ഒരുക്കൽ | വി.ഇ.ഒ. | 7, |
| 153/24 | എം.സി.എഫ് നവീകരണം | അസിസ്റ്റന്റ് എഞ്ചിനീയർ | 1 |

അതിദരിദ്രർ, അഗതി ആശ്രയ പദ്ധതിയിൽപെട്ടവർ എന്നീ വിഭാഗങ്ങളിലായുള്ള കുടുംബ ശേഖരിക്കുന്നതിന് ഹരിതകർമ്മ സേനക്ക് ഫീസ് നൽകുന്നതിനായി 2024-25 വർഷ പ്രകാരം 1,20,000/-രൂപ വകയിരുത്തിയിട്ടുണ്ട്.

<u>മാലിന്യ ശേഖരണ കാര്യക്ഷമത</u>

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കലണ്ടർ പ്രകാരമാണ് മാലിന്യ ശേഖ വീടുകളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നതിനും പങ്കാളിത്തം ഉറപ്പുവരുത്തുന്ന ആപ്ലിക്കേഷൻ വഴി ക്യൂ ആർ കോഡ് പതിക്കുകയും മാസത്തിൽ ഒരു തവണ മാലിന്യ വരുന്നുണ്ട്. പഞ്ചായത്തില 78% കെട്ടിടങ്ങൾ ഹരിതമിത്രം ആപ്ലിക്കേഷനിൽ ഉൾപ്പെടുക സേനയുടെ സേവനം ലഭ്യമാകുകയും ചെയ്യുന്നുണ്ട്.

<u>മാലിന്യ വേർതിരിവ് പാലിക്കൽ</u>

എല്ലാ വാർഡുകളിലെയും വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും മുഴുവനും അവിടെ വച്ച് തന്നെ തരംതിരിക്കുകയും അവിടെ നിന്ന് മിനി എം.സി.എഫുക ചെയ്യുന്നത്. മിനി എം.സി.എഫുകളിൽ നിന്നും 7 ദിവസം കൂടുമ്പോൾ മാലിന്യം നീക്കം ചെ എത്തിക്കുകയും ചെയ്യുന്നുണ്ട്.

<u>കമ്മ്യൂണിറ്റി എൻഗേജ്മെന്റ്</u>

മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന നടത്തിയിട്ടുണ്ട്. എൻ.എസ്.എസിനൊപ്പം സ്നേഹാരാമം എന്ന പദ്ധതിയിൽ പങ്കാളിയാ വിവിധ ഭാഗങ്ങളിൽ ശുചിത്വ ബാനറുകൾ സ്ഥാപിച്ചിട്ടുണ്ട്.

<u>തൊഴിൽ സൃഷ്ടിക്കൽ</u>

മാലിന്യ ശേഖരണത്തിനായി ഓരോ വാർഡിലും 2 പേർ വീതം ആകെ 42 അംഗങ്ങ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുമ്പോൾ ലഭിക്കുന്ന യൂസർ ഫീയാണ് പ്രധാന വരുമാന മാർഗം. കൂടാതെ ഹരിതകർമസേനാംഗങ്ങളെ ഉൾപ്പെടുത്തി തേജസ്, സ്റ്റീൽ പാത്രങ്ങൾ വാടകയ്ക്ക് നൽകുന്ന 2 സംരംഭങ്ങളും ഹരിത ഫ്ലവേഴ്സ് എന്ന പൂക്കടയും ഫീ ഇനത്തിലും സംരംഭങ്ങളിൽ നിന്നും മോശമല്ലാത്ത വരുമാനം ലഭിക്കുന്നതായി പറയുന്നു.

<u>അടിസ്ഥാന സൗകര്യവികസനം</u>

മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനുമായി പഞ്ചായത്തിൽ ഒരു എം.സി.എഫുകളും സ്ഥാപിച്ചിട്ടുണ്ട്. എം.സി.എഫ് നവീകരണത്തിനും കൂടുതൽ സ്ഥാപിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എം.സി.എഫിൽ ബെയിലിംഗ ബെൽറ്റ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സോർട്ടിംഗ് ടേബിൾ, ബിന്നുകൾ, വെയിം

ഗ്ലൗസ് എന്നിവയും ഹരിതകർമ സേനക്ക് ലഭ്യമാക്കിയിട്ടുണ്ട്. മാലിന്യ നീക്കത്തിനായി ഓട്ടോയും ലഭ്യമാക്കിയിട്ടുണ്ട്. എം.സി.എഫും പരിസര പ്രദേശങ്ങളും നിരീക്ഷ സ്ഥാപിച്ചിട്ടുണ്ട്.

<u>പരിശീലനവും വികസനവും</u>

മാലിന്യസംസ്കരണത്തിൽ ഹരിതാ കർമ സേനാംഗങ്ങളുടെ കഴിവുകളും അറിവും മാലിന്യം തരംതിരിക്കലുമായി ബന്ധപ്പെട്ട് പരിശീലനവും, ക്യു.ആർ കോഡ് പരിശീലനവും നൽകിയിട്ടുണ്ട്.

<u>നിയമങ്ങൾ പാലിക്കൽ</u>

പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലി വിജിലൻസ് സ്ക്വാഡ് പരിശോധന നടത്തി പിഴയടക്കമുള്ള നടപടികൾ സ്വീകരിച്ചു വലിച്ചെറിഞ്ഞതിനും നിരോധിത പ്ലാസ്റ്റിക് ഉപയോഗിച്ചതിനും മറ്റുമായി ആകെ ഈടാക്കിയിട്ടുണ്ട്.

<u>ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം</u>

തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മമസേനയുടെ പ്രവർത്തനം ശ്ലാഘ സേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മാസം തോറും അവലോകന യോഗ അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു നടപടികൾ സ്വീകരിക്കാറുണ്ട്. ഹരിത കർമ്മ സേനയു വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മോണിറ്ററിംഗ് ചെയ്യുകയും ആവശ്യമായ നിർദ്ദേശ ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഹരിത ഓഡിറ്റ് നടത്ത മുതൽ ജൂൺ 1 വരെയായി നടത്തിയ ഹരിത ഓഡിറ്റിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

<u>മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)</u>

അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1)MCF/RRF (സ്ഥിരം /താത്കാലികം) എണ്ണം | MCF (സ്ഥിരം) |
| 2)ബെയ് ലിങ് /ഷ്രഡിങ് യുണിറ്റുകൾ ഉണ്ടോ ? | എം.സി.എഫിൽ ബെയ്‌ലിംഗ് മെഷ |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | 3-ാംവാർഡിൽ |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ? | ഉണ്ട് |
| 5)അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ? (ടിപ്പിങ് ഏരിയ,സ്റ്റോറേജ് ഏരിയ,സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി തുടങ്ങിയവ | ഉണ്ട് |
| 6)അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിവരങ്ങൾ | മൂന്നാം വാർഡിൽ തൃക്കരിപ്പൂർ ടൗണ് |
| 7)അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ? | ഉണ്ട് |
| 8) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ? | നിലവിൽ ഇല്ല |

<u>മാലിന്യ സംഭരണ ശേഷി</u>

കൈകാര്യം ചെയ്യുന്ന മാലിന്യത്തിനനുസൃതമായി MCFന് 2100 Sqft വിസ്തൃതിയുണ്ട്. അ

ദിവസം വരെ സൂക്ഷിക്കുന്നു.

<u>മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ</u>

മാലിന്യം ഇനം തിരിക്കുന്നതിൽ തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക MCF-ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളുകളും സുരക്ഷാ നടപടികളും പാലിച്ചിട്ടു തടയുന്നതിന് MCF/പരിസരത്ത് ശുചിത്വ മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ട്. മാലിന്യ തൊഴിലാളികൾക്ക് കൈയുറ, ഗംബൂട്ട്, മാസ്ക്, സോർട്ടിംഗ് ടേബിൾ എന്നിവ ലഭ്യമാക്കിയ

<u>യഥാസമയം മാലിന്യം കൈമാറുന്നത്</u>

